# പതിനാലാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1159 04.02.2019 ൽ മറുപടിക്ക്**

## റോഡ് സുരക്ഷ

| ചോദ്യം | | ഉത്തരം |
|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ ജി സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ വളാഞ്ചേരി ജംഗ്ഷൻ നവീകരണവുമായി ബന്ധപ്പെട്ട് ദേശീയപാത വിഭാഗം ചീഫ് എൻജിനീയർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | എ) | നടപ്പ് സാമ്പത്തിക വർഷം കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ വളാഞ്ചേരി ജംഗ്ഷൻ ഉൾപ്പെടുന്ന ദേശീയപാതയുടെ ഉപരിതലം ബലപ്പെടുത്തുന്ന പ്രവൃത്തിയുടെ 25 കോടിയുടെ പ്രൊപ്പോസൽ കേന്ദ്ര ഉപരിതല ഗതാഗത ഹൈവേ മന്ത്രാലയത്തിൽ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസലിൽ ആവശ്യമായ റോഡ് സുരക്ഷാ പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| ബി) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാരിന് പ്രൊപ്പോസൽ അയച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | | 2017-18 ലെ വാർഷിക പദ്ധതിയിൽ കേന്ദ്ര മന്ത്രാലയം വളാഞ്ചേരി ജംഗ്ഷന്റെ നവീകരണത്തിനായി റോഡ് സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി 7 കോടി രൂപയുടെ പ്രാഥമിക അംഗീകാരം നൽകിയിരുന്നു. എങ്കിലും ഇതിനുള്ള പദ്ധതി രൂപരേഖയും എസ്റ്റിമേറ്റും കൺസൾട്ടന്റ് മുഖാന്തിരം വേണമെന്ന് നിഷ്കർഷിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ കൺസൾട്ടൻസി സർവ്വീസിനുള്ള ടെണ്ടർ ക്ഷണിക്കുകയും തിരഞ്ഞെടുത്ത കൺസൾട്ടന്റിനെ അംഗീകരിക്കാൻ കേന്ദ്ര മന്ത്രാലയത്തിന് സമർപ്പിച്ചു എങ്കിലും |

| | | | |
|---|---|---|---|
| | | | അംഗീകാരം ലഭിക്കുകയുണ്ടായില്ല.<br>കേന്ദ്ര വാർഷിക പദ്ധതി - 2018-19 ലെ റോഡ് സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രാഥമിക അംഗീകാരം ലഭിക്കുന്നതിനു വേണ്ടി 10 കോടി രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. എന്നാൽ അനുമതി ലഭിച്ചിട്ടില്ല. |
| സി) | റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ അടിയന്തിരമായി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | സി) | മേൽ കൺസൾട്ടൻസിയുടെ അംഗീകാരം ലഭിക്കാത്ത സാഹചര്യത്തിൽ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ശാസ്ത്രീയമായ രീതിയിൽ പഠനം നടത്തി പദ്ധതി രൂപരേഖ ഇൻ-ഹൗസ് തയ്യാറാക്കുവാൻ നിർദ്ദേശം നൽകുന്നതാണ്. |

S. Bindu

**സെക്ഷൻ ഓഫീസർ**